**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3365** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള പഠന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് പ്രകാരം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ആകെ നിലവിൽ എത്ര ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുണ്ടെന്ന കണക്ക് ജില്ലതിരിച്ച് ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. |

| **ജില്ല** | **എണ്ണം** |
|---|---|
| തിരുവനന്തപുരം | 8886 |
| കൊല്ലം | 6892 |
| പത്തനംതിട്ട | 3573 |
| ആലപ്പുഴ | 6938 |
| കോട്ടയം | 5378 |
| ഇടുക്കി | 4639 |
| എറണാകുളം | 7499 |
| തൃശ്ശൂർ | 12576 |
| പാലക്കാട് | 10527 |
| മലപ്പുറം | 13550 |
| കോഴിക്കോട് | 18866 |
| വയനാട് | 3747 |
| കണ്ണൂർ | 9171 |
| കാസർഗോഡ് | 6259 |
| **ആകെ** | **118501** |

| | | | |
|---|---|---|---|
| (ബി) | നിലവിലെ സ്കൂൾ വിന്യാസ പ്രകാരം പ്രസ്തുത ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പൂർണതോതിൽ അധ്യയനം ലഭ്യമാക്കുന്നതിന് ആവശ്യമായ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാരുടെ | (ബി) | സമഗ്ര ശിക്ഷാ കേരളയുടെ ഭാഗമായി എലമെന്ററി വിഭാഗത്തിൽ 1521 ഉം സെക്കന്ററി വിഭാഗത്തിൽ 1365 ഉം സ്പെഷ്യൽ എജ്യൂക്കേറ്റർമാരെ നിയമിക്കുന്നതിനുള്ള അനുമതി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിലെ പ്രോജക്ട് അപ്രൂവൽ ബോർഡ് നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ചിട്ടുള്ള അത്രയും എണ്ണം സ്പെഷ്യൽ എജ്യൂക്കേറ്റർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | എണ്ണം എത്രയാണെന്ന ഇനം തിരിച്ചുള്ള കണക്ക് അറിയിക്കുമോ; | | ഓരോ ഭിന്നശേഷി വിഭാഗത്തിലെയും സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ എണ്ണം ചുവടെ നൽകുന്നു. |

| ജില്ല | എലമെന്ററി | സെക്കന്ററി | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 141 | 129 | 270 |
| കൊല്ലം | 102 | 80 | 182 |
| പത്തനംതിട്ട | 52 | 50 | 102 |
| ആലപ്പുഴ | 103 | 72 | 175 |
| കോട്ടയം | 98 | 95 | 193 |
| ഇടുക്കി | 64 | 60 | 124 |
| എറണാകുളം | 130 | 149 | 279 |
| തൃശ്ശൂർ | 142 | 140 | 282 |
| പാലക്കാട് | 128 | 118 | 246 |
| മലപ്പുറം | 182 | 152 | 334 |
| കോഴിക്കോട് | 166 | 137 | 303 |
| വയനാട് | 45 | 44 | 89 |
| കണ്ണൂർ | 97 | 80 | 177 |
| കാസർഗോഡ് | 71 | 59 | 130 |
| **ആകെ** | **1521** | **1365** | **2886** |

ആയമാരുടെ എണ്ണം ചുവടെ നൽകുന്നു.

| ജില്ല | എലമെന്ററി | സെക്കന്ററി | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 12 | 10 | 22 |
| കൊല്ലം | 12 | 8 | 20 |
| പത്തനംതിട്ട | 11 | 5 | 16 |
| ആലപ്പുഴ | 11 | 2 | 13 |
| കോട്ടയം | 13 | 2 | 15 |
| ഇടുക്കി | 8 | 3 | 11 |
| എറണാകുളം | 15 | 5 | 20 |
| തൃശ്ശൂർ | 18 | 7 | 25 |
| പാലക്കാട് | 13 | 2 | 15 |
| മലപ്പുറം | 15 | 5 | 20 |
| കോഴിക്കോട് | 15 | 2 | 17 |
| വയനാട് | 3 | 2 | 5 |
| കണ്ണൂർ | 15 | 4 | 19 |
| കാസർഗോഡ് | 7 | 3 | 10 |

| | | | |
|---|---|---|---|
| ആകെ | 168 | 60 | 228 |

| | | | |
|---|---|---|---|
| (സി) | ഭിന്നശേഷി വിദ്യാർത്ഥികൾക്കായി സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ നിലവിലുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ആകെ എണ്ണം എത്രയാണെന്ന കണക്ക് ഭിന്നശേഷി വിഭാഗങ്ങൾ തിരിച്ച് ലഭ്യമാക്കുമോ; | (സി) | സമഗ്ര ശിക്ഷാ കേരളയുടെ ഭാഗമായി എലമെന്ററി വിഭാഗത്തിൽ 1521 ഉം സെക്കന്ററി വിഭാഗത്തിൽ 1365 ഉം സ്പെഷ്യൽ എജ്യൂക്കേറ്റർമാരെ നിയമിക്കുന്നതിനുള്ള അനുമതി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിലെ പ്രോജക്ട് അപ്രൂവൽ ബോർഡ് നൽകിയിട്ടുള്ളത്. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ആകെ എണ്ണം ഭിന്നശേഷി വിഭാഗങ്ങൾ തിരിച്ച് വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | ഇത്രയും പ്രാധാന്യമർഹിക്കുന്ന ചുമതലകൾ നിർവഹിക്കേണ്ട സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ ആവശ്യമായതിന്റെ മൂന്നിലൊന്ന് എണ്ണം മാത്രമേ ഉള്ളൂവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | നിലവിലെ ചട്ടങ്ങൾ പ്രകാരം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ചുമതലകൾ എന്തെല്ലാമാണ്; ക്ലാസ് റൂമിലെ അധ്യയനത്തിന് പുറമേ മറ്റെന്തെല്ലാം ചുമതലകളാണ് ഇവരിൽ നിക്ഷിപ്തമായിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ഇ) | വിവരം ശേഖരിച്ചു വരുന്നു. |
| (എഫ്) | ഭിന്നശേഷി വിദ്യാർത്ഥികളുടെ അധ്യയനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് ഭിന്നശേഷി കുട്ടികളുടെ മാതാപിതാക്കളുടെ കൂട്ടായ്മയായ നവജീവൻ ബാലാവകാശ കമ്മീഷന് പരാതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തൊക്കെ വിഷയങ്ങളാണ് പ്രസ്തുത പരാതിയിൽ ഉന്നയിച്ചിട്ടുള്ളത്; ഈ പരാതികൾ പരിഹരിക്കുന്നതിനായി | (എഫ്) | വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ